ഗവ:എൽ.പി.എസ് കാഞ്ഞിരംപാറ

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025–26

# ആമുഖം

പൊതുവായ ജീവിതഗുണമേന്മകൊണ്ട് ഇന്ത്യക്ക് മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം, പൊതുജനാരോഗ്യത്തെ മികവ്, വിവരസാങ്കേതിക വിദ്യയുടെ ഉപപയോഗം എന്നിവയാണ് പ്രധാനമായും കേരളത്തിലെ ഈ നേട്ടത്തിന് കാരണം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സമൂഹപങ്കാളിത്തത്തോടെ നമ്മുടെ മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതവും പ്രവർത്താധിഷ്ഠിതവും പ്രക്രിയ ബന്ധിതവുമായി കുട്ടിയെ വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്രസ്ഥാനത്ത് നിർത്തുന്ന പ്രവർത്തനങ്ങളാക്കി മാറ്റി 'മേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം'എന്ന ലക്ഷ്യം സാർവ്വത്രികമാക്കുന്നതിനും സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയത്തിൽ എത്തിക്കുവാനും കഴിഞ്ഞു. വ്യത്യസ്ത സാമൂഹിക സാമ്പത്തിക പശ്ചാത്തലം ഉള്ള വ്യത്യസ്തമായ ശാരീരികവും മാനസികവും ഭൗതികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കുവാനും വിദ്യാഭ്യാസ പ്രക്രിയയിലൂടെ എല്ലാ മേഖലകളിലും കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവുമായ സമീപനവുമാണ് സ്വീകരിക്കുന്നത്. ഓരോ വിഭാഗത്തിലെയും കുട്ടികൾ ആർജിക്കേണ്ട പഠനനേട്ടങ്ങൾ വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെയും പ്രവർത്തന പാക്കേജിലൂടെയും എല്ലാ കുട്ടികളിലും എത്തിക്കുന്നതിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് നമ്മുടെ വിദ്യാലയം ഈ അധ്യയനവർഷം മികവുറ്റതാക്കാൻ ലക്ഷ്യമിടുന്നു.

## പദ്ധതിയിലൂടെ കൈവരിക്കേണ്ട പൊതുവായ ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും മാതൃഭാഷയിൽ പഠനനിലവാരം അനുസരിച്ച് എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടിയെടുക്കുക.
2. ഇംഗ്ലീഷിൽ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് നേടിയെടുക്കുക.
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുകയും ഓരോ ക്ലാസിലും ലഭിക്കേണ്ട ശേഷികൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
4. സമർത്ഥരായ കുട്ടികളെ കലാകായിക ശാസ്ത്ര ഗണിത ശാസ്ത്ര മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക.
5. കുട്ടികളിൽ ആനുകാലിക അറിവ് സമ്പാദനം പൊതുവിജ്ഞാന അഭിരുചി എന്നിവ വളർത്തിയെടുക്കുക.
6. ഭിന്നശേഷിയുള്ളവർക്ക് പാഠ്യപദ്ധതികളിലും കലാകായികപദ്ധതികളിലും പങ്കാളിത്തമുറപ്പാക്കുക.
7. കലാകായിക മേഖലയ്ക്ക് പ്രത്യേകം പ്രാധാന്യവും പരിശീലനവും നൽകുക.
8. ആധുനിക ഡിജിറ്റൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെ അറിവിന്റെ ലോകത്തേക്ക് കടക്കാൻ സജ്ജരാക്കുക.

## ലക്ഷ്യങ്ങൾ:

- എല്ലാവർക്കും എഴുത്തും വായനയും.
- വായനച്ചങ്ങാത്തം എഴുത്തുകൂട്ടം.
- അമ്മവായന.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി.
- ഗ്രന്ഥശാല അംഗത്വം.
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ.
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ.
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
- വായനസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കും.
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ഇൻലെന്റ്, മാഗസിൻ, ചുമർമാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ.
- ഭാഷയുമായി ബന്ധപ്പെട്ട CD,ICT സാധ്യത എന്നിവ സജ്ജീകരിക്കൽ.

## തനതുവർഷം നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് ഫെസ്റ്റ് : കുട്ടികൾ ഇതുവരെ നേടിയ ഇംഗ്ലീഷ് പ്രാവീണ്യം പ്രകടിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
2. ഗണിതോത്സവം : ഒന്നു മുതൽ പതിനായിരം വരെയുള്ള സംഖ്യകൾ, വിവിധ ഗണിത ആശയങ്ങൾ എന്നിവ പ്രകടിപ്പിക്കുന്നതിനുള്ള അവസരം.
3. ഹെൽത്തി കിഡ് : വിദ്യാലയത്തിലെ വ്യായാമ പന്തലിലെ കളി ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി കളികളിൽ ഏർപ്പെടൽ, എയ്റോബിക് വ്യായാമ പരിശീലനം, യോഗ എന്നിവയ്ക്ക് അവസരം ഒരുക്കൽ.
4. കൈവേല : പ്രഗത്ഭരായ വ്യക്തികളെ ഉപയോഗപ്പെടുത്തി രക്ഷിതാക്കൾക്ക് കൈവേല പരിചയപ്പെടുത്തൽ
5. ബോധവൽക്കരണ ക്ലാസ്സുകൾ : വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി രക്ഷിതാക്കൾക്കും കുട്ടികൾക്കും വിദഗ്ദ്ധരായ വ്യക്തികളുടെ ക്ലാസ്സ് സംഘടിപ്പിക്കൽ.
6. ഫീൽഡ് ട്രിപ്പുകൾ : പ്രദേശത്തെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ.
7. ഗ്രീൻ ക്യാമ്പസ് : ഗ്രീൻ ക്യാമ്പസ് പ്രവർത്തനങ്ങൾ
8. ക്ലബ്ബുകൾ : വിദ്യാലയത്തിൽ വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ ദിനാചരണ പ്രവർത്തനങ്ങൾ
9. ആട്ടവും പാട്ടും : സംഗീതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
10. ഉല്ലാസഗണിതം, ഗണിതവിജയം പ്രവർത്തനങ്ങൾ
11. English-ICT ഉപയോഗിച്ച് കണ്ടും, കേട്ടും, കളിച്ചും സ്വയം പ്രവർത്തനങ്ങൾ ചെയ്യാൻ E cube പ്രവർത്തനങ്ങൾ.
12. വിവിധ മത്സര പരീക്ഷകൾ, മേളകൾ, വിനോദവിജ്ഞാന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഈ വർഷം കടന്നുപോകുന്നതായിരിക്കും.
13. കാവ്യോത്സവം, സർഗ്ഗാത്മക ഡയറി, റീഡേഴ്സ് തിയേറ്റർ എന്ന 2024–25 അധ്യായന വർഷത്തെ അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട് ലഭിച്ച പുതിയ ആശയങ്ങളുടെ ഫലപ്രദമായ ഉപയോഗം.
14. ക്ലാസ്സ് ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗവും, വായനക്കുറിപ്പ് തയ്യാറാക്കാൻ എല്ലാവർക്കും പരിശീലനവും.
15. ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിന് Spoken English പരിശീലനം.
16. സർഗ്ഗവേളകളുടെ സ്വതന്ത്രാവിഷ്കരണത്തിനായി വാതിൽപ്പുറ പഠനവും, തെരുവുനാടകങ്ങളും.

# Project – മലയാളം

സചിത്ര പാഠപുസ്തകം (സംയുക്ത ഡയറി) സർഗ്ഗാത്മക ഡയറി, റീഡേഴ്സ് തിയേറ്റർ, മികച്ച വായനക്കാരൻ (വായനച്ചങ്ങാതി) മികച്ച വായനക്കുറിപ്പ് തയ്യാറാക്കൽ, മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം), കാവ്യോത്സവം

## റീഡേഴ്സ് തീയേറ്റർ

രംഗ സജ്ജീകരണമോ, ചമയങ്ങളോ ഇല്ലാത്ത ഒരു സംഘം വായനക്കാർ വേദിയിൽ ഇല്ലാത്ത ഒരു സംഘം വായനക്കാർ വേദിയിൽ വന്ന് നാടകീയ വായന നടത്തുന്നതിനെയാണ് റീഡേഴ്സ് തീയേറ്റർ എന്നു വിളിക്കുന്നത്. കുട്ടികളുടെ വായനാശേഷി വികസിപ്പിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള സ്വതന്ത്ര ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തീയേറ്റർ എന്ന പ്രവർത്തനം ഫലപ്രദമാണ്.

## ലക്ഷ്യങ്ങൾ

1. കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
2. കേൾവിക്കാരെ ആശയം ബോധ്യപ്പെടും വരെ വായിച്ചവതരിപ്പിക്കുന്നു.
3. കഥാഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് കഴിവ് നേടുന്നു.
4. പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുക.

## പ്രവർത്തനരീതി

- തുടക്കത്തിൽ പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്കു നൽകുന്നു.
- കുട്ടികൾ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ നടത്തി സ്ക്രിപ്റ്റ് തയ്യാറാക്കുന്നു.
- കഥാപാത്രങ്ങളെ വീതിച്ചെടുത്ത് സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു.

- കുട്ടികളുടെ അവതരണങ്ങൾ (വീഡിയോ) ക്ലാസ് ഗ്രൂപ്പുകളിൽ പങ്കിടണം.
- ഭാഷോത്സവത്തിന്റെ ഭാഗമായി റീഡേഴ്സ് തീയേറ്ററിന്റെ അവതരണം നടത്തണം.

## സർഗ്ഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവത്തെ അതിന്റെ വൈകാരികതയോടെ എഴുതിവയ്ക്കലാണ് ഡയറിയെഴുത്തിൽ നടക്കുന്നത്. ഇത് എല്ലാ ദിവസവും നടക്കേണ്ട വ്യക്തിഗത പ്രക്രിയയാണ്. എന്നാൽ ഡയറിയെഴുത്തിൽ കൂടുതൽ സർഗ്ഗാത്മക സാധ്യതകൾ തുറന്നു നൽകുകയാണ് സർഗ്ഗാത്മകഡയറി എന്ന പുത്തനാശയം.

## നേട്ടങ്ങൾ

- കുട്ടികളുടെ സ്വതന്ത്രരചന വർദ്ധിപ്പിക്കുന്നു.
- ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകളാക്കുന്നു.
- സർഗ്ഗാത്മക ശേഷി വികസിക്കുന്നു.
- ഭാഷാ നൈപുണി വികസിക്കുന്നു.
- കുട്ടികളുടെ ചിന്താശേഷി വികസിപ്പിക്കുന്നു.
- പ്രകൃതിയുമായി നിരന്തരം അടുക്കുന്നതിലൂടെ നിരീക്ഷണ പാടവം - വർദ്ധിക്കുന്നു.

## പ്രവർത്തനരീതി

സർഗ്ഗാത്മക ഡയറിയെഴുത്തിനായി ഒരു കാഴ്ച/സംഭവം തിരഞ്ഞെടുക്കുന്നു. അതിനെ ഭാവനാത്മകമായി ചിത്രീകരിക്കുന്നു.

## കാവ്യോത്സവം , പാട്ടരങ്ങ്

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും കാവ്യാസ്വാദനം, ആശയഗ്രഹണം അവതരണം എന്നിവയിൽ മികവുണ്ടാക്കുന്നതിനായി ആവിഷ്കരിക്കുന്ന ഇടപെടലാണ് കാവ്യോത്സവം.

## ലക്ഷ്യങ്ങൾ

- താള വൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു.
- ചൊല്ലി കേൾക്കുന്ന പാട്ടുകൾ / കവിതകൾ ഈണം താളം പാലിച്ചു കൊണ്ട് ഏറ്റു ചൊല്ലുന്നു.
- കവിതകളുടെ / പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും വാദ്യോപകരണങ്ങൾ വായിക്കുകയും ചുവടുകൾ വെക്കുകയും ചെയ്യുന്നു.
- പാഠപുസ്തകത്തിലെ കവിതകളും വായ്ത്താരികളും താളവും ഈണവും പാലിച്ച് സ്വതന്ത്രമായി പാടുന്നു.
- സമാനാശയമുള്ള കവിതകളും പാട്ടുകളും കണ്ടെത്തുന്നു.
- സ്വതന്ത്രമായി പാട്ടുകൾ / കവിതകൾ എഴുതി തയ്യാറാക്കുകയും പൊതുവേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

## നിർവഹണകാലം

ക്ലാസ് പിടിഎ കളിൽ അവതരിപ്പിക്കാം.
ഓരോ ടേമിന്റെ അവസാനവും കാവ്യോത്സവം സംഘടിപ്പിക്കുന്നതാണ്.
പഠനോത്സവത്തിൽ കാവ്യോത്സവം ഒരിനമായിരിക്കും.

| Sl No. | PROGRAMME | ACTIVITY | DURATION |
|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കുക.<br>7. വാക്യങ്ങൾ നിർമിക്കുക.<br>8. ചിത്രം - അടിക്കുറുപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. CD യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | |

| Sl No. | PROGRAMME | ACTIVITY | DURATION |
|---|---|---|---|
| 2 | കുട്ടിയെ മികച്ച വായന ക്കാരനാക്കുക (വായനാചങ്ങാത്തം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മവായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം. ക്ലാസ് സഭ<br>12. സ്കൂൾസഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്<br>15. സാഹിത്യകാരൻമാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണ ങ്ങളും വായനയും<br>17. ആസ്വാദ്യകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ. വായന<br>20. പുസ്കതകം ഒരുക്കൽ<br>21. വായനക്കൂട്ടം - മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | |

| Sl No. | PROGRAMME | ACTIVITY | DURATION |
|---|---|---|---|
| 3 | കുട്ടിയെ മികച്ച വായന ക്കാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുക്കൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനാക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>7. ഇൻലെന്റ്, മാഗസിൻ, ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം - മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദന ക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന, സംഘരചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | |

# ENGLISH

# ACADEMIC MASTER PLAN ENGLISH

## Govt. LPS Kanjirampara

| Learning outcomes | Activities | Activities Detail | Duration |
|---|---|---|---|
| Describe the picture | Picture Description | • The teacher shows a picture<br>• Discussion<br>• The children talk about the picture<br>• ICT – Samagra<br>Slow learners<br>Gives opportunity to express their idea in Malayalam. | June to August |
| Arranges word in Alphabetical order | Dictionary | • Introducing the dictionary<br>• Give words<br>• Arranging words in alphabetical order | July to March |
| Add more exchanges to the conversation | Conversations | • Reading the conversation<br>• Conversation is acting with friends<br>Add more exchanges to the conversation.<br>• Slow learners<br>Give opportunity to express their idea in Malayalam | July to March |
| Identifies Rhyming words from the poem | Rhyming words | • Plays the audio of song<br>• Lets the learns sing after the audio. | |

| Learning outcomes | Activities | Activities Detail | Duration |
|---|---|---|---|
| | | Discussions<br>Identifies rhyming words | July to September |
| Adds lines to a poem following a set pattern | Add more lines | • Plays the audio<br>• Let the learner sing after the audio<br>• Add lines to the poem | July to December |
| Reads and understand the given stories and poems | Let's read | • Provides the opportunity to read simple stories and poems<br>• They tell the story they read. | December to March |
| Makes simple riddles | Riddles | • Gives children the opportunity to hear and answer simple riddles<br>• Makes simple riddles | August to March |
| Project works | Project works<br>English Test | • Gives instruction<br>• Data collection<br>• Codifying conduct English Test | October to March<br>In every term |

| Learning outcomes | Activities | Activities Detail | Duration |
|---|---|---|---|
| | MEW | MEW<br>My English World<br>Children are asked to collect English words from their surroundings (They can collect wrappers of soap, tooth paste, sweets etc...)<br>They should paste these words in a notebook. | July to March |

# English

## Activites

### Listening skills

Games, Action Songs, Hello English activities, Conversations, Skit, Stories, use ICT.

### Speaking Skills

Descriptions, growing sentences, picture reading, picture description, self-introduction, Assembly activities, speech, book review, quiz, riddles, school radio etc.

### Reading skills

News paper reading, library books reading, book review, reading breaking news, find words, collect and read past tense, rhyming words, describing words etc. textbook activities.

### Writing skills

Make word web, picture description, word chain, sentence chain, make words & sentences, make riddles conversations, add more lines, develop story, description, notice, proclamation, diary, letter, announcement, magazines.

# ഗണിതം

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക
- ദൈനംദിന ജീവിതപ്രശ്ങ്ങൾ പരിപഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
- കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കുക
- ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി വസ്തുതകളെ അപഗ്രഥിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള കഴിവ് നേടുക
- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുക
- ചതുഷ്ക്രിയകൾ നിർധാരണം ചെയ്യുന്നതിനുള്ള ശേഷി നേടുക
- മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുക.
- ഗണിതപഠനത്തിൽ ICT സാധ്യത ഉപയാഗിക്കുക
- ഉല്ലാസഗണിതം, ഗണിതവിജയ പ്രവർത്തനങ്ങളിലൂടെ ഗണിതം രസകരമാക്കുക

| Sl No. | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1 | പ്രീടെസ്റ്റ്, മുൻ ക്ലാസുകളിൽ നേടേണ്ട ശേഷികൾ പരിഗണിച്ച് പ്രവർത്തനം നൽകൽ, വർക്ക്ഷീറ്റ്, രക്ഷിതാക്കൾക്ക് ബോധവൽക്കരണം. | ജൂൺ |
| 2 | ഗണിതാശയങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിത കളികൾ, ഗണിതക്വിസ്, ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ. | ജൂൺ, ജൂലൈ |
| 3 | അതാതു ക്ലാസിലെ പഠനനിലവാരം പരിഗണിച്ച് തുടർ പഠന പ്രവർത്തനങ്ങളും പരിഹാരപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നു. ഗണിതക്വിസ് | ആഗസ്റ്റ് |
| 4 | ഗണിത ക്ലബ് രൂപീകരണം, ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>ഉല്ലാസഗണിതം, ഗണിതവിജയ പ്രവർത്തനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു. ഗണിത ക്വിസ് | സെപ്റ്റംബർ |
| 5 | അബാക്കസ്, മെട്രിക് ഉപകരണങ്ങൾ, മോഡൽസ്, ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവ അതാതു ക്ലാസുകൾക്ക് അനുസരിച്ച് തിട്ടപ്പെടുത്തുന്നു. കുസൃതികണക്കുകൾ. | സെപ്റ്റംബർ<br>ഒക്റ്റോബർ |
| 6 | ഗണിതമേളകൾ സംഘടിപ്പിക്കൽ, പഠനോപകരണ ശിൽപ്പ ശാല, ഗണിതലാബ് സന്ദർശനം, കുസൃതികണക്കുകൾ. | നവംബർ<br>ഡിസംബർ |
| 7 | കുട്ടികളുടെ സൃഷ്ടികളുടെ പ്രദർശനം. പ്രവർത്തനങ്ങ ളിൽ മികച്ച കുട്ടികളെ കണ്ടെത്തി സമ്മാനം നൽകൽ, ഗണിതമേളകളിലെ സജീവപങ്കാളിത്തം മെച്ചപ്പെടുത്താ നുള്ള പ്രവർത്തനങ്ങൾ. ഗണിതക്വിസ് | ജനുവരി<br>ഫെബ്രുവരി |
| 8 | ഗണിതക്വിസ്, ഉത്തരപ്പെട്ടി, മനക്കണക്ക്, പ്രോത്സാഹന മത്സരം, വിജയികൾക്ക് സമ്മാനം. (എല്ലാ ആഴ്ചകളിലും നടത്തിയതിൽ നിന്നും തെരഞ്ഞെടുത്ത് ഫൈനൽ മത്സരം) | മാർച്ച് |

# പ്രവർത്തനങ്ങൾ - ഗണിതം

| | | |
|---|---|---|
| സംഖ്യാകാർഡ് | : | സംഖ്യ കണ്ടെത്തൽ, വായന, എഴുത്ത്, സങ്കലനം, വ്യവകലനം. |
| സംഖ്യാറിബൺ | : | സംഖ്യാവായന, വലുത്, ചെറുത്, ഇടയിലുള്ളത്, ഒറ്റസംഖ്യ, ഇരട്ടസംഖ്യ, ഗുണനം |
| സ്ഥാനവില പോക്കറ്റ് | : | സ്ഥാനവില അനുസരിച്ച് സംഖ്യകളെ പോക്കറ്റിലാക്കൽ. |
| ഗണിത ക്ലോക്ക് | : | സമയം, റെയിൽവേ സമയം. |
| സംഖ്യാചക്രം | : | സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. |
| ഗണിതലാബ് | : | ക്ലാസ് അനുസരിച്ച് ലാബ് സജ്ജീകരണം, ആവശ്യമായ സാമഗ്രികൾ ശേഖരിക്കൽ. |
| ഉല്ലാസഗണിതം | : | പ്രവർത്തനങ്ങൾ നടപ്പാക്കൽ. |
| ഗണിതവിജയം | : | പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| ഗണിതമേള | : | ഗണിതോപകരണ പ്രദർശനം, മോഡൽ നിർമ്മാണം, കുസൃതികണക്ക്, ഗണിതക്വിസ്. |

# പരിസരപഠനം

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക | | |
| 2 | ശാസ്ത്രചിന്ത, ശാസ്ത്രബോധം, ജിജ്ഞാസ, നിരീക്ഷണപാടവം ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | | |
| 3 | ശാസ്ത്രപഠനത്തെ സാമൂഹ്യ മുന്നേറ്റത്തിനു പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക. | | |
| 4 | ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക. | | |
| 5 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | | |
| 6 | ശാസ്ത്രപഠനം രസകരമാക്കുക. | | |
| 7 | ശാസ്ത്രപഠനത്തെ സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | | |
| 8 | അനുഭവങ്ങളിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നതിന് | പ്രകൃതിനടത്തം<br>സ്കൂൾ പൂന്തോട്ടം, സ്കൂൾ കൃഷിത്തോട്ടം പരിപാലിക്കൽ<br>സ്കൂൾ കൃഷി - ജീവൻ<br>• ദിനാചരണപ്രവർത്തനങ്ങൾ<br>ശാസ്ത്രജ്ഞൻമാരുടെ ജന്മദിനങ്ങൾ<br>കണ്ടുപിടുത്തങ്ങൾ<br>• പതിപ്പ്, ഫോട്ടോ, ആൽബം, C.D ശാസ്ത്രനാടകം. | ജൂൺ മുതൽ<br><br>എല്ലാ മാസവും<br><br>1/yr |

| | | | |
|---|---|---|---|
| | | ലഘുപരീക്ഷണങ്ങൾ | |
| 9 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന പരീക്ഷണങ്ങൾ. സ്കൂളിൽ Expo-23 ലഘുപരീക്ഷണങ്ങൾ | ആഴ്ചയിൽ 2അസംബ്ലി കളിൽ |
| 10 | ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര ക്ലബ്, ശാസ്ത്രമേള എന്നിവയുടെ സ്കൂൾതല പ്രവർത്തനങ്ങൾ സജീവമാക്കൽ<br>Still model Working model നിർമാണം<br>സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ.<br>ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ<br>Project<br>പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ചെയ്യൽ | 1/year<br>വർഷം 3 യാത്ര |
| 11 | ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും തരംതിരിച്ച് ക്രമീകരിക്കൽ | Sep /Oct |

| | | | |
|---|---|---|---|
| 12 | അനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 3/yrs |